(സി) ഈ പദ്ധതികൾക്കാവശ്യമായ ഇലക്ട്രിസിറ്റി ലഭിക്കുന്നതിനു് ഇലക്ട്രിസിറ്റി ബോർഡിനോടു് ആവശ്യപ്പെട്ടിട്ടുള്ളതും സിവിൽ വർക്സു് അവസാനിക്കുമ്പോഴേക്കു് ഇലക്ട്രിസിറ്റി ലഭിക്കുമെന്നു് പ്രതീക്ഷിക്കാവുന്നതുമാണു്. ഗ്രിത്തല ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനു വേണ്ടിയുള്ള ഇലക്ട്രിസിറ്റി വിതരണത്തിനുള്ള എസ്റ്റിമേറ്റ് തയാറാക്കിക്കൊണ്ടിരിക്കുന്നതും ഉടനെ പണി ആരംഭിക്കുന്നതും ആണു്. ഈ പദ്ധതികൾ വേണ്ട വിധത്തിൽ പ്രവർത്തനത്തിലാകാത്തതുകൊണ്ടു് തക്ക സമയത്തു് ഇലക്ട്രിസിറ്റി ലഭിക്കുന്നില്ലെന്നുള്ള പ്രശ്നമേ ഉദിക്കുന്നില്ല.

ശ്രീ. സി. പി. ഹരിദാസിന്റെ സസ്പെൻഷൻ.

390. [5] ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാടു് മാണിക്കമംഗലം കോളനിയിലെ നിശാപാഠശാല അദ്ധ്യാപകനും ലൈബ്രേറിയനുമായിരുന്ന ശ്രീ. സി. പി. ഹരിദാസിനെ വെൽഫെയർ ഡയറക്ടർ സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്; കാരണമെന്തു്;

(സി) സസ്പെൻഡ് ചെയ്തുകൊണ്ടുള്ള കല്പനയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 2-3-1959-ൽ സസ്പെൻഡ് ചെയ്തു ഉത്തരവായിട്ടുണ്ടു്. ശ്രീ. ഹരിദാസു് മാണിക്കമംഗലം ഹരിജൻ സ്കൂൾമുറ്റത്തു് അനധികൃതമായി ഷെഡ്ഡുണ്ടാക്കി താമസിക്കുകയും അതിൽ അനാശാസ്യ നടപടികൾ നടത്തുകയും ചെയ്യുന്നു എന്നു് കോളനി നിവാസികളുടെ പരാതി ലഭിച്ചതാണു് സസ്പെൻഷനുള്ള കാരണം.

(സി) പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. സി. പി. സുകുമാരന്റെ സ്ഥലംമാറ്റം.

391. [6] ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാടു് മാണിക്കമംഗലം കോളനിയിലെ വെൽഫെയർ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. സി. പി. സുകുമാരനെ ആലപ്പുഴ ഡിസ്ട്രിക്റ്റിലേക്കു സ്ഥലംമാറ്റിയിട്ടുണ്ടോ;

(ബ) ഇതു് ഒരു പണിഷ്മെന്റ് ട്രാൻസ്ഫർ ആണോ;

(സി) ഈ മാണിക്കമംഗലം വെൽഫെയർ സ്കൂളിൽ ഇപ്പോൾ എത്ര ക്ലാസ്സുകൾ ഉണ്ടു്; എത്ര അദ്ധ്യാപകന്മാരുണ്ടു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അല്ല.

(സി) ഒന്നാം സ്റ്റാൻഡേർഡ് എ-യും ബി-യും രണ്ടും മൂന്നും സ്റ്റാൻഡേർഡുകളും ഉൾപ്പെടെ 4 ക്ലാസ്സുകളും 4 അദ്ധ്യാപകന്മാരും ഉണ്ടു്.

മി. സ്പീക്കർ: ആർഡർ, ആർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചു.

---

* Please see Appendix III

LIBRARY ARCHIVES Kerala Legislative Assembly

9 A. M.

ശ്രീ. ടി. ഒ. ബാവ: ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തിങ്കളാഴ്ച തരാൻ ഏർപ്പാടുചെയ്താൽ കൊള്ളാം. ഇതിനുമുൻപു് അങ്ങനെ അനുവദിച്ചിട്ടുണ്ടു്.

മി. സ്പീക്കർ: ഉത്തരം മേശപ്പുറത്തു വച്ചിട്ടുണ്ടു്.

റൂൾ 66 അനുസരിച്ചു് ശ്രീമതി കുസുമം ജോസഫ് ഒരു നോട്ടീസു് തന്നിട്ടുണ്ടു്. അതേപ്പറ്റി സംസാരിക്കാനുണ്ടെങ്കിൽ ആകാം.

CALLING ATTENTION UNDER RULE 66 — RE: LOW PERCENTAGE OF PASSES IN THE RECENT S. S. L. C. EXAMINATION.

ശ്രീമതി കുസുമം ജോസഫ്: സർ, ഈ സ്കൂൾവർഷത്തെ സിക്സ്ത്ത് ഫാറത്തിലെ റിസൽട്ടു് പബ്ലിഷ്ചെയ്തപ്പോൾ വളരെയധികം നിരാശകൂട്ടികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുണ്ടു്. മുൻകൊല്ലങ്ങളിൽ ഒരിക്കലും സംഭവിച്ചിട്ടില്ലാത്തരീതിയിൽ വെറും 35 ശതമാനം വിദ്യാർത്ഥികൾമാത്രമാണു് പാസ്സായിട്ടുള്ളതു്. 65 ശതമാനം വിദ്യാർത്ഥികളും തോറ്റവരാണു്. അതു വിദ്യാർത്ഥികളുടെമാത്രം കുറ്റംകൊണ്ടാണെന്നു പറയാൻ നിവൃത്തിയില്ല. കാരണം, കഴിഞ്ഞവർഷം 3-ാമത്തെ ടേംവരെ പല സ്കൂളുകളിലും പുസ്തകങ്ങൾപോലും കിട്ടിയിരുന്നില്ല. മാത്രമല്ല പല സ്കൂളുകളിലും അദ്ധ്യാപകരുടെ ആവശ്യത്തിനുണ്ടായിരുന്നില്ല. ഞാൻ മനസ്സിലാക്കുന്നതു് എറണാകുളം ബോയ്സ് ഹൈസ്കൂളിൽ പരീക്ഷയ്ക്കു വന്ന വിദ്യാർത്ഥികൾപോലും കഴിഞ്ഞവർഷം പഠിപ്പിച്ചിട്ടില്ലാത്ത ചോദ്യങ്ങളാണു് വന്നതെന്ന കാരണത്താൽ ഇറങ്ങിപ്പോകുന്ന സാഹചര്യമുണ്ടായിരുന്നു എന്നാണു്. അപ്പോൾ ഇങ്ങനെ അവരുടേതല്ലാത്ത കുറ്റംകൊണ്ടു്, ഡിപ്പാർട്ടുമെൻറ് കാരുടെ അക്ഷമമായി പ്രവർത്തിക്കാതിരുന്നതുകൊണ്ടു് കഴിഞ്ഞവർഷത്തെ റിസൽട്ടു് മോശമായിപ്പോയതിൻെറ പേരിൽ വിദ്യാർത്ഥികൾ ഇന്നു് ആ റിസൽട്ടു പുനഃപരിശോധനചെയ്യണമെന്ന ഒരാവശ്യം ഉന്നയിച്ചിരിക്കുകയാണു്. വാസ്തവത്തിൽ 50 ശതമാനം വിദ്യാർത്ഥികളെങ്കിലും പരീക്ഷയ്ക്കു ചേരുന്നവരുടെ ക്ലാസ്സിൽ പാസ്സായില്ലെങ്കിൽ അതു ശോചനീയമായ ഒരവസ്ഥയായിരിക്കുമെന്നു ഞാൻ കരുതുകയാണു്. അതുകൊണ്ടു് ഈ കഴിഞ്ഞ വർഷത്തിലുണ്ടായ പ്രത്യേക സാഹചര്യത്തിൻെറ വെളിച്ചത്തിൽ വിദ്യാർത്ഥികളെ ഒരു സമരത്തിലേയ്ക്കു് നീങ്ങുമെന്നു പ്രസ്താവിച്ചിട്ടുണ്ടു് എന്നാണു് ഞാൻ അറിയുന്നതു്. അങ്ങനെ അനാശാസ്യമായ സംഭവവികാസങ്ങൾ നമ്മുടെ ഈ സംസ്ഥാനത്തു് ഉണ്ടാകുന്നതിനെ ഒഴിവാക്കാൻവേണ്ടി ഗവൺമെൻറിൻെറ നിലപാടു വ്യക്തമാക്കണമെന്നു് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണു്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി): സർ, സാധാരണ ഗവൺമെൻറിൻെറ നില വ്യക്തമാക്കാൻ ആവശ്യമില്ലാത്ത ചുരുക്കം ചില കാര്യങ്ങളിലൊന്നാണിതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. പരീക്ഷ നടത്തുന്നതു ഗവൺമെൻറല്ല. ഗവൺമെൻറിൻെറ കീഴിൽ പ്രത്യേക അധികാരത്തോടുകൂടിയ ബോർഡുകളും ഉണ്ടു്. യൂണിവേഴ്സിറ്റി പരീക്ഷകളും നടത്തുന്നതിനു് ഒരു ബോർഡുണ്ടു്. എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്നതിനു് വേറെ ഒരു ബോർഡുണ്ടു്. ഇതൊക്കെ മനസ്സിലാക്കിയിട്ടു പറയുകയാണെന്നു തോന്നുന്നില്ല. റിസൽട്ടിൽ തകരാറു വന്നതു് ഡിപ്പാർട്ടുമെൻറിൻെറ തകരാറുകൊണ്ടാണെന്നു് വാദിച്ചുറപ്പിക്കാൻ ശ്രമിച്ചതുപോലെ കുട്ടികളെ സ്കൂളിൽത്തന്നെ ഇരുത്താൻ വല്ല ഏർപ്പാടും സ്വീകരിക്കാൻ കഴിയുമെങ്കിൽ കൊള്ളാമായിരുന്നു. രാജ്യത്തു് ആവശ്യമില്ലാത്ത പല അസ്വാസ്ഥ്യങ്ങളുമുണ്ടാക്കിയിട്ടു കുട്ടികൾക്കു് സ്കൂളിലിരുന്നു പഠിക്കാനുള്ള സമയം വളരെ വളരെ കുറഞ്ഞുപോയതുകൊണ്ടു് റിസൽട്ടിൽ വല്ല അപാകതയും സംഭവിച്ചിരിക്കും. അല്ലാതെയൊന്നും സംഭവിച്ചിട്ടില്ല. മനസ്സിലാക്കിയിട്ടാണു് പറയുന്നതെങ്കിൽ രസമുള്ളതായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷയുടെ റിസൽട്ടു് അനൌൺസ് ചെയ്യുമ്പോൾ ആ കൊല്ലത്തെ ക്ലാസ്സു് മാർക്കു പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly